ഉത്തരം

(എ-സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി താഴെപ്പറയുന്ന നാല് പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്:

സെക്യൂരിറ്റി ഗാർഡ്	-	ശ്രീ. കിസോകുമാർ
ഡോബി	-	ശ്രീ. ആർ. ജയൻ
ഡോബി	-	ശ്രീ. കെ. സനൽകുമാർ
ഡ്രൈവർ ഗ്രേഡ് II	-	ശ്രീ. ഫ്ലാബ് കുമാർ. ആർ.

ശ്രീമതി ശ്രീലത, എസ്. എന്നയാളെ താല്ക്കാലികമായി ബൈന്റർ തസ്തികയിൽ നിയമിക്കുകയും ഒരു വർഷത്തേയ്ക്ക് കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ദീർഘകാലത്തെ പ്രവൃത്തിപരിചയം, സർവ്വീസിലുള്ള കാര്യക്ഷമത, കൃത്യനിഷ്ഠ എന്നിവയാണ് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

82 (86) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ : എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഈ ഉത്തരവനുസരിച്ച് സ്ഥലം മാറ്റത്തിന് ആർക്കെല്ലാമാണ് പ്രത്യേക പരിഗണന നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റ മാനദണ്ഡ ചട്ടങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശങ്ങൾ വിവരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) 30-10-2014-ലെ സ.ഉ.(പി)36/14/ഉ.ഭ.പ.വ. പ്രകാരം 14 വിഭാഗങ്ങൾക്ക് പൊതു സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് 2004-ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. നയപരമായ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ വിശദമായ പരിശോധനയും സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകളും ആവശ്യമാണ്.

തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

83 (87) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-5-2015-ാം തീയതിവരെ സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ എത്ര ഫയലുകളുണ്ടെന്ന് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

സെക്രട്ടേറിയറ്റിൽ 1-5-2015-ാം തീയതിവരെ 1,22,668 ഫയലുകൾ തീർപ്പാകാതെയുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം

84 (88) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നുമുതലാണ് ;

(ബി) ടി ലിസ്റ്റിൽനിന്നും നിയമനം നടത്തി തുടങ്ങിയത് എപ്പോൾ മുതൽ എന്ന് വ്യക്തമാക്കുമോ :

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ഉദ്യോഗാർത്ഥികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly